(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിൽ പുതുതായി എത്ര വൈദ്യുതി കണക്ഷനുകളാണ് നൽകിയിട്ടുള്ളത് ;

(ബി) ഇതിൽ മിനിമം ഗ്യാരന്റിയിൽ ഒപ്പുവച്ച ഗുണഭോക്താക്കൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ജനകീയ വൈദ്യുതി പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ ലഭിച്ചവർ എത്ര ;

(ഡി) മറ്റു വിഭാഗങ്ങൾ എത്ര എന്നു വിശദീകരിക്കുമോ ?

ഉത്തരം

(എ) 1,558 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) മിനിമം ഗ്യാരണ്ടിയിൽ ഒപ്പുവച്ചവർ ആരുമില്ല.

(സി) 102 പേർക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം കണക്ഷൻ നൽകിയിട്ടുണ്ട്.

(ഡി) വാട്ടർ സപ്ലൈ സ്കീം അനുസരിച്ച് ഏഴും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പതിനാറും വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

ചെറായി സബ്സ്റ്റേഷൻ നിർമ്മാണം

87 (927) ശ്രീ. എം. എ. കുട്ടപ്പൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചെറായി 66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സബ്സ്റ്റേഷന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ചെറായിയിൽ ഒരു 110/11 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി ആർ.ഇ.സി. സ്കീമിൽ ഉൾപ്പെടുത്തി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാൽ നിർമ്മാണം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly